ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:19.08.2026**

## പ്രധാനവാർത്തകൾ

1) 13,041 കോടി രൂപയുടെ റെയിൽവേ, ദേശീയപാത പദ്ധതികൾക്ക് അംഗീകാരം നൽകി കേന്ദ്ര മന്ത്രിസഭ യോഗം.

2) ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ സോണൽ കൗൺസിൽ യോഗം കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുടെ അധ്യക്ഷതയിൽ നാളെ മഹാബലിപുരത്ത് ചേരും.

3) സ്കൂൾ ഉച്ചഭക്ഷണ പദ്ധതി പ്ലസ് ടു തലം വരെ വ്യാപിപ്പിക്കാൻ സംസ്ഥാന സർക്കാർ സന്നദ്ധമാണെന്ന് മന്ത്രി എൻ ഷംസുദ്ദീൻ.

4) കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ബ്ലീച്ചിംഗ് പൗഡർ ക്രമക്കേടിൽ വിജിലൻസ് അന്വേഷണത്തിന് നിർദ്ദേശം നൽകി മന്ത്രി കെ.മുരളീധരൻ .

5) കള്ളക്കടൽ പ്രതിഭാസത്തിന് സാധ്യതയുള്ളതിനാൽ കേരളം - ലക്ഷദ്വീപ് -തെക്കൻ തമിഴ്നാട് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് പോകരുതെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്.

6) ശ്രീലങ്കയ്ക്കെതിരായ ക്രിക്കറ്റ് പരമ്പരയിലെ ആദ്യ ടെസ്റ്റിൽ ഇന്ത്യക്ക് 165 റൺസ് വിജയം.FIH ലോകകപ്പ് പുരുഷ ഹോക്കിയിൽ ഇന്ന് ഇന്ത്യ- പാകിസ്ഥാൻ പോരാട്ടം.

RNU TVPM

## മന്ത്രിസഭ

നാല് റെയിൽവേ പദ്ധതികളും ഒരു ദേശീയപാത പദ്ധതിയും ഉൾപ്പെടെ 13,041 കോടി രൂപയുടെ പദ്ധതികൾക്ക് കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരം. പശ്ചിമ ബംഗാൾ, ഒഡീഷ, തമിഴ്നാട്, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളിലായി എട്ട് ജില്ലകളെ ഉൾക്കൊള്ളുന്ന നാല് റെയിൽവേ മൾട്ടി-ട്രാക്കിംഗ് പദ്ധതികൾ ഇതിൽ ഉൾപ്പെടുന്നു. ഇതുവഴി ഇന്ത്യൻ റെയിൽവേയുടെ പ്രവർത്തനക്ഷമത വർദ്ധിക്കുമെന്നും 6,448 ഗ്രാമങ്ങളിലേക്കുള്ള യാത്രാ സൗകര്യങ്ങൾ മെച്ചപ്പെടുമെന്നും കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു.

## അമിത് ഷാ

ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ സോണൽ കൗൺസിൽ യോഗം കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുടെ അധ്യക്ഷതയിൽ തമിഴ്നാട്ടിലെ മഹാബലിപുരത്ത് നാളെ ചേരും. കേരളം, തമിഴ്നാട്, ആന്ധ്രാപ്രദേശ്, കർണാടക, തെലങ്കാന എന്നീ സംസ്ഥാനങ്ങളും പുതുച്ചേരി, ആൻഡമാൻ-നിക്കോബാർ , ലക്ഷദ്വീപ് എന്നീ കേന്ദ്രഭരണ പ്രദേശങ്ങളും ഉൾപ്പെടുന്നതാണ് സതേൺ സോണൽ കൗൺസിൽ. ഇവിടെ നിന്നുള്ള മുഖ്യമന്ത്രിമാരും, മന്ത്രിമാരും, ലഫ്റ്റനന്റ് ഗവർണർമാരും, അഡ്മിനിസ്ട്രേറ്റർമാരും ഉൾപ്പെടെ യോഗത്തിൽ പങ്കെടുക്കും.

## സ്കൂൾ ഉച്ചഭക്ഷണ പദ്ധതി

നിലവിൽ എട്ടാം ക്ലാസ് വരെയുള്ള വിദ്യാർഥികൾക്ക് നടപ്പാക്കിയിട്ടുള്ള സ്കൂൾ ഉച്ചഭക്ഷണ പദ്ധതി പ്ലസ് ടു തലത്തിലേക്ക് വ്യാപിപ്പിക്കാൻ സംസ്ഥാന സർക്കാർ സന്നദ്ധമാണെന്ന് വിദ്യാഭ്യാസ മന്ത്രി എൻ ഷംസുദ്ദീൻ. സ്കൂൾ വിദ്യാർഥികൾക്കുള്ള ഓണം സ്പെഷ്യൽ അരി വിതരണത്തിൻറെ സംസ്ഥാനതല ഉദ്ഘാടനം

RNUTVPM

തിരുവനന്തപുരത്ത് നിർവ്വഹിക്കുകയായിരുന്നു മന്ത്രി.കേന്ദ്രാവിഷ്കൃത പി എം പോഷൺ പദ്ധതിയുടെ ഭാഗമായി ഒമ്പത് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള വിദ്യാർഥികൾക്കും ഉച്ചഭക്ഷണം നൽകുന്നത് സംബന്ധിച്ച് കേന്ദ്രം, സംസ്ഥാനത്തിന്റെ അഭിപ്രായം തേടിയിരുന്നു. കഴിഞ്ഞ മാസം കേരളം ഇതിന് സമ്മതം അറിയിച്ചിട്ടുണ്ട് .

✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠

## ടി സിദ്ധിഖ്

ഓണത്തിന് ഹോർട്ടികോർപ്പിന്റെയും VFPCK യുടെയും നേതൃത്വത്തിൽ സംസ്ഥാനത്തുടനീളം 2,000 ഓണച്ചന്തകൾ ആരംഭിക്കുമെന്ന് കൃഷി മന്ത്രി ടി സിദ്ധിഖ്. ഓണവിപണിയിലെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സംസ്ഥാന സർക്കാർ 20 കോടി രൂപ നീക്കിവച്ചിട്ടുണ്ടെന്നും അദ്ദേഹം അറിയിച്ചു. സെക്രട്ടേറിയറ്റ് അങ്കണത്തിൽ പച്ചക്കറി വിളവെടുപ്പ് ഉദ്ഘാടനം ചെയ്യുകയായിരുന്നു കൃഷിമന്ത്രി.

RNU TVPM

✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠

## സപ്ലൈകോ

എ എ വൈ വിഭാഗത്തിന് നൽകുന്ന ആറ് ലക്ഷം സൗജന്യ ഓണകിറ്റുകളിൽ 4 ലക്ഷത്തി 32,000 കിറ്റുകൾ റേഷൻ കടകളിൽ എത്തിച്ചതായി സപ്ലൈകോ. നാളെയോടെ മുഴുവൻ കിറ്റുകളും റേഷൻ കടകളിൽ ലഭ്യമാക്കും. ഓണവിപണിയുടെ ഭാഗമായി, കഴിഞ്ഞ 19 ദിവസത്തിനിടെ സപ്ലൈകോ 207 കോടി രൂപയുടെ വിറ്റുവരവ് നേടിയിട്ടുണ്ട്.

✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠

## കണ്ണൂർ - (ഇൻട്രോ)

*ഓണത്തോടനുബന്ധിച്ച് കുടുംബശ്രീ കണ്ണൂർ ജില്ലാ മിഷന്റെ നേതൃത്വത്തിൽ നടത്തിയ പൂ കൃഷിയിലും പച്ചക്കറി കൃഷിയിലും*

*മികച്ച വിളവ്. ഓണക്കനി, നിറ പൊലിമ എന്നീ പേരുകളിലാണ് പദ്ധതി നടപ്പാക്കിയത്.*

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ.**

(വോയ്സ്....)

✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠

## ഓണം ട്രേഡ് ഫെയർ

വിനോദസഞ്ചാര വകുപ്പ് സംഘടിപ്പിക്കുന്ന ഓണാഘോഷത്തിന്റെ ഭാഗമായ ട്രേഡ് ഫെയറിന്റെയും എക്സിബിഷന്റെയും ഉദ്ഘാടനം തിരുവനന്തപുരം കനകക്കുന്നിൽ മറ്റന്നാൾ മന്ത്രി പി.സി. വിഷ്ണുനാഥ് നിർവഹിക്കും.ആഗസ്റ്റ് 21 മുതൽ 30 വരെ നടക്കുന്ന ട്രേഡ് ഫെയറിൽ നൂറോളം സ്റ്റാളുകളാണുള്ളത്. പൊതുജനങ്ങൾക്ക് പ്രവേശനം സൗജന്യമാണ്.

RNU TVPM

✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠

## ബ്ലീച്ചിംഗ് പൗഡർ വിജിലൻസ് അന്വേഷണം

കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് ബ്ലീച്ചിംഗ് പൗഡർ വാങ്ങിയതിൽ ക്രമക്കേടുണ്ടെന്ന ആരോപണം വിജിലൻസ് അന്വേഷിക്കുമെന്ന് മന്ത്രി കെ.മുരളീധരൻ . 2026 മാർച്ച് 11നും മേയ് ആറിനും ഇടയിൽ നടന്ന ബ്ലീച്ചിംഗ് പൗഡർ പർച്ചേസിലൂടെ 7.32 കോടി രൂപയുടെ അനാവശ്യ ചെലവ് ഉണ്ടായെന്ന വാർത്തകളുടെ പശ്ചാത്തലത്തിലാണ് അന്വേഷണം ആവശ്യപ്പെട്ട് ആഭ്യന്തര വകുപ്പ് മന്ത്രിക്ക് കത്ത് കൈമാറിയത്. ഇത് സംബന്ധിച്ച ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അന്വേഷണ റിപ്പോർട്ടിന് പിന്നാലെ, കൂടുതൽ തെളിവുകൾ മാധ്യമങ്ങളിലൂടെ പുറത്തുവന്ന സാഹചര്യത്തിലാണ് തീരുമാനം.

✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠

## ആശ്വാസ കിരണം

ശാരീരിക, മാനസിക വെല്ലുവിളികൾ നേരിടുന്നവരായ കിടപ്പുരോഗികളെ പരിചരിക്കുന്നവർക്കുള്ള 'ആശ്വാസ കിരണം' പദ്ധതിക്ക് 50 കോടി അനുവദിച്ചതായി മന്ത്രി വി. ഇ അബ്ദുൾ ഗഫൂർ. പദ്ധതിയുടെ പ്രതിമാസ ധനസഹായം 600-ൽ നിന്നും 1,000 രൂപയായി വർധിപ്പിച്ച് കഴിഞ്ഞ ദിവസം സർക്കാർ ഉത്തരവിറക്കിയിരുന്നു.

## കാലാവസ്ഥ- കടൽ

കള്ളക്കടൽ ജാഗ്രത നിർദ്ദേശത്തിൻറെ ഭാഗമായി കേരളം - ലക്ഷദ്വീപ് - പുതുച്ചേരി -തെക്കൻ തമിഴ്നാട് തീരങ്ങളിൽ ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു. ഉയർന്ന തിരമാലയ്ക്കും, കടലാക്രമണത്തിനും സാധ്യതയുള്ളതിനാൽ, ഇന്നും നാളെയും മത്സ്യത്തൊഴിലാളികൾ കടലിൽ പോകരുതെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകി. ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയുള്ളതിനാൽ കോട്ടയം, എറണാകുളം, ഇടുക്കി, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്.

RNUTVPM

## ക്രിക്കറ്റ്

ശ്രീലങ്കയ്ക്കെതിരായ ക്രിക്കറ്റ് പരമ്പരയിലെ ആദ്യ ടെസ്റ്റിൽ ഇന്ത്യക്ക് 165 റൺസ് വിജയം. 372 റൺസ് വിജയ ലക്ഷ്യവുമായി കളത്തിലിറങ്ങിയ ശ്രീലങ്ക, രണ്ടാം ഇന്നിങ്സിൽ 206 ന് പുറത്താവുകയായിരുന്നു. ഇന്ത്യൻ സ്പിന്നർ മാനവ് സുതാർ ആറ് വിക്കറ്റ് നേടി ടീമിനെ മിന്നും ജയത്തിലേക്ക് എത്തിച്ചു. ഇതോടെ രണ്ട് മത്സരങ്ങളുള്ള പരമ്പരയിൽ ഇന്ത്യ 1-0 ന് മുന്നിലെത്തി. ഈ മാസം 23 നാണ് പരമ്പരയിലെ രണ്ടാം ടെസ്റ്റ്.

## ക്രിക്കറ്റ് ലീഗ് - ( ഇൻട്രോ)

*കേരളാ ക്രിക്കറ്റ് ലീഗിന് വ്യാഴാഴ്ച തിരുവനന്തപുരത്തു തുടക്കം.* കൂടുതൽ വിവരങ്ങളുമായി തിരുവനന്തപുരം ഗ്രീൻ ഫീൽഡ് സ്റ്റേഡിയത്തിൽ നിന്ന് ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി.....

( വോയ്സ്....)

✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠

## ഹോക്കി

നെതർലൻഡ്സിൽ നടക്കുന്ന FIH ലോകകപ്പ് പുരുഷ ഹോക്കിയിൽ ഇന്ന് ഇന്ത്യ- പാകിസ്ഥാൻ പോരാട്ടം. വാഗ്നർ ഹോക്കി സ്റ്റേഡിയത്തിലാണ് മത്സരം . പൂൾ D യിൽ നാളെ ഇന്ത്യൻ വനിതാ ടീം, ഇംഗ്ലണ്ടിനെ നേരിടും.

✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠

## ഓഹരി - സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 325 പോയിന്റ് നഷ്ടത്തിൽ 76,909 ലും നിഫ്റ്റി 76 പോയിന്റ് ഇടിഞ്ഞ് 24,078 ലും വ്യാപാരം അനസാനിപ്പിച്ചു. സ്വർണ വില കുറഞ്ഞു. പവന് 680 രൂപ കുറഞ്ഞ് ഒരു ലക്ഷത്തി 13,640 രൂപയും, ഗ്രാമിന് 14,205 രൂപയുമാണ് ഇന്നത്തെ വില.

✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠

## ബിന്ദു കൃഷ്ണ-ആർ.പി.എൽ

റിഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡിലെ ജീവനക്കാർക്ക് 20 ശതമാനം ബോണസും 10,000 രൂപ ഓണം അഡ്വാൻസും അനുവദിക്കാൻ തൊഴിൽ മന്ത്രി ബിന്ദു കൃഷ്ണയുടെ അധ്യക്ഷതയിൽ തിരുവനന്തപുരത്ത് ചേർന്ന യോഗത്തിൽ തീരുമാനം. ഇതിനായി ആർ.പി.എൽ 15 ലക്ഷം രൂപ കടമെടുക്കും.

RNUTVPM